കേരള പ്രണാമം

29 June 2023

# കൃഷി, മൃഗസംരക്ഷണം, ഭക്ഷ്യ സംസ്കരണം പാർലിമെന്റ് സമിതി സിഎംഎഫ്ആർഐ സന്ദർശിച്ചു

**കൊച്ചി:** കൃഷിമൃഗസംരക്ഷണഭക്ഷ്യ സംസ്കരണ പാർലിമെന്റ് സ്ഥിരം സമിതി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) സന്ദർശിച്ചു. കർണാടകയിലെ ബാഗൽകോട്ടിൽ നിന്നുള്ള ലോക്സഭാംഗം പി സി ഗദ്ദിഗൗഡർ അധ്യക്ഷനായ സമിതി സിഎംഎഫ്ആർഐ ഡയറക്ടർ ഡോ എ ഗോപാലകൃഷ്ണനുമായും വകുപ്പ് മേധാവികളുമായും ചർച്ച നടത്തി. ആറ് എംപിമാരാണ് സംഘത്തിലുണ്ടായിരുന്നത്.

സിഎംഎഫ്ആർഐയുടെ വിവിധ ഗവേഷണപ്രവർത്തനങ്ങൾ സമിതിക്ക് മുമ്പിൽ അവതരിപ്പിച്ചു. സമുദ്രമത്സ്യമേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, കൂടുമത്സ്യകൃഷി, കടൽപായൽ കൃഷി, സമുദ്രജൈവവൈവിധ്യം, ന്യൂട്രാസ്യൂട്ടിക്കൽ ഉൽപാദനം, സാമൂഹികസാമ്പത്തിക സ്ഥിതി തുടങ്ങിയവ സമിതി വിലയിരുത്തി.

അധ്യക്ഷന് പുറമെ, ഡോ അനിൽ സുഖ്ദിയോറാവു ബോണ്ടെ, മസ്താൻ റാവു ബീഡ, രാംനാഥ് താക്കൂർ, ദേവേന്ദ്രസിങ്, റാമിലാബെൻ ബെച്ചാർഭായി ബാര എന്നീ എംപിമാരാണ് സംഘത്തിലുണ്ടായിരുന്നത്.

കൂടാതെ, സെക്രട്ടറി ഉത്തംചന്ദ് ഭരദ്വാജ് ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരും സംഘത്തൊപ്പമുണ്ടായിരുന്നു. സിഎംഎഫ്ആർഐയുടെ ഗവേഷണപ്രവർത്തനങ്ങളിൽ സംഘം സംതൃപ്തി രേഖപ്പെടുത്തി. സമുദ്രമത്സ്യ മേഖലയുടെ സുസ്ഥിരതക്കും ഭക്ഷ്യ ഭദ്രത ഉറപ്പുവരുത്തുന്നതിനും സിഎംഎഫ്ആർഐ സുപ്രധാന പങ്കാണ് വഹിക്കുന്നതെന്ന് സമിതി വിലയിരുത്തി.



*സിഎംഎഫ്ആർഐയിലെത്തിയ പി സി ഗദ്ദിഗൗഡർ അധ്യക്ഷനായ പാർലിമെന്ററി സമിതി അംഗങ്ങളെ ഡയക്ടർ ഡോ എ ഗോപാലകൃഷ്ണൻ സ്വീകരിക്കുന്നു.*